എനർജി മാനേജ്മെന്റ് സെന്റർ ന്യൂസ്‌ലെറ്റർ
ഊർജ്ജപത്രിക
Oorja Pathrika | A Newsletter from Energy Management Centre- Kerala
വാല്യം- 5, ലക്കം 07 | 2024 ജൂലൈ 05

# ഉണർവ് 2.0; ഊർജ്ജസംരക്ഷണ ക്യാമ്പയിന് തുടക്കമായി



ഉണർവ്വ് 2.0 ഉദ്ഘാടന ചടങ്ങ്

ഇ.എം.സിയുടെ നേതൃത്വത്തിൽ വിദ്യാർത്ഥികൾക്കും അധ്യാപകർക്കും വേണ്ടി സംഘടിപ്പിക്കുന്ന ഊർജ്ജ സംരക്ഷണ അവബോധ പരിപാടിയായ ഉണർവ്വ് ക്യാമ്പയിന്റെ രണ്ടാം ഘട്ടം ജൂൺ 28 വെള്ളിയാഴ്ച ആരംഭിച്ചു. ഉദ്ഘാടന ചടങ്ങിൽ ബഹു: വൈദ്യുതി വകുപ്പ് മന്ത്രി കെ. കൃഷ്ണൻകുട്ടി, ബഹു: വിദ്യാഭ്യാസ വകുപ്പ് മന്ത്രി വി. ശിവൻകുട്ടി എന്നിവർ വീഡിയോ സന്ദേശങ്ങൾ നൽകി. ഇ.എം.സി ഓഡിറ്റോറിയത്തിൽ നടന്ന പരിപാടിയിൽ ഇ.എം.സി ഡയറക്ടർ ഡോ. ആർ. ഹരികുമാർ ആമുഖ പ്രഭാഷണം നടത്തി. ബ്യൂറോ ഓഫ് എനർജി എഫിഷ്യൻസി മീഡിയ അഡൈ്വസർ ചന്ദ്രശേഖര റെഡ്ഡി ആശംസകൾ അറിയിച്ചു.

നേമം ഗവൺമെന്റ് യു.പി സ്കൂൾ, വെഞ്ഞാറമൂട് ഗവൺമെന്റ് യു.പി സ്കൂൾ, പാറയ്ക്കൽ ഗവൺമെന്റ് യു.പി സ്കൂൾ, വെട്ടുകാട് മിസ്റ്റിക്കൽ റോസ് സ്കൂൾ എന്നിവിടങ്ങളിൽ നിന്നും 265 വിദ്യാർത്ഥികളും 30 അധ്യാപകരും ഉദ്ഘാടന ചടങ്ങിൽ പങ്കെടുത്തു. ഡോ. ആർ. ഹരികുമാർ വിദ്യാലയങ്ങൾക്കുള്ള ഉണർവ്വ് ബോർഡുകൾ വിതരണം ചെയ്തു.


ഇ.എം.സിയിലെ എനർജി ടെക്നോളജിസ്റ്റ് അനൂപ് സുരേന്ദ്രൻ ഊർജ്ജ സംരക്ഷണ അവബോധ ക്ലാസ്സിന് നേതൃത്വം നൽകി. ചടങ്ങിൽ ഇ.എം.സി രജിസ്ട്രാർ സുഭാഷ് ബാബു ബി.വി. നന്ദി പ്രകാശിപ്പിച്ചു. ഊർജ്ജസംരക്ഷണ ക്ലാസ്സുകൾക്ക് പുറമെ വിദ്യാർത്ഥികൾക്ക് ഇലക്ട്രിക് സൈക്കിൾ പരിശീലനം, ലാബ് സന്ദർശനം എന്നിവയും സംഘടിപ്പിച്ചു. 2023-ൽ ലോക പരിസ്ഥിതി ദിനമായ ജൂൺ 5ന് ആരംഭിച്ച ഉണർവ്വ് ഊർജ്ജസംരക്ഷണ അവബോധ പരിപാടി വളരെയേറെ ജനശ്രദ്ധ നേടിയിരുന്നു. 64 സ്കൂളുകളിൽ നിന്നായി അയ്യായിരത്തിലധികം വിദ്യാർത്ഥികളും അദ്ധ്യാപകരുമാണ് ഇ.എം.സിയിലെത്തി ഊർജ്ജസംരക്ഷണത്തെക്കുറിച്ചുള്ള അറിവുകൾ നേടിയത്. രണ്ടാം ഘട്ടത്തിലും നിരവധി സ്കൂളുകൾ ഇ.എം.സി സന്ദർശനത്തിനായി മുൻകൂട്ടി രജിസ്റ്റർ ചെയ്തുകഴിഞ്ഞു.


സ്കൂളുകൾക്കുള്ള ഉണർവ്വ് ബോർഡ് വിതരണം ഇ.എം.സി ഡയറക്ടർ ഡോ. ആർ. ഹരികുമാർ നിർവഹിക്കുന്നു


ഇ.എം.സി. അങ്കണത്തിൽ ഇലക്ട്രിക് സൈക്കിളുകൾ വിദ്യാർത്ഥികൾ ടെസ്റ്റ് ഡ്രൈവ് ചെയ്യുന്നു

# Training Program on Laboratory Quality Management System & Internal Audit

In association with the Centre for Energy Studies (CES) of EMC, a comprehensive four-day training program on Laboratory Quality Management System & Internal Audit as per IS/ISO/IEC 17025:2017 was successfully conducted at the Energy Management Centre Kerala Campus from June 25 to June 28, 2024.



Participants of training

The training, led by R. C. Mathew, former Director of the Bureau of Indian Standards and NABL Lead Assessor, covered essential topics such as accreditation requirements, ISO 17025:2017 implementation, internal audits, and management reviews. Mathew's expertise provided participants with valuable insights and practical applications.

The program concluded with an evaluation, where participants showcased their new skills. Dr. R. Harikumar, EMC Director, engaged with the workshop participants and congratulated them. He emphasized that this workshop is a crucial initiative in improving the quality management capabilities of laboratories throughout Kerala.

As part of the training EMC distributed prizes to best candidates in the workshop; Shijin Chandran R. S. from C-DAC (Gold Medal), Anoop K. from Electrical Inspectorate (Silver Medal), Nikhil Babu from EMC (Bronze Medal).

# IIT Roorkee Hosts Workshop on Pumped Storage Plant Development

On June 27, 2024, the Department of Hydro and Renewable Energy at IIT Roorkee organized a workshop on "Paving the Way Forward for PSP Development" at the Indian International Centre in New Delhi. Mr. Dinesh Kumar A. N., Joint Director at EMC, was among the attendees.




The workshop highlighted the crucial role of pumped storage plants (PSPs) in supporting the integration of renewable energy sources like solar and wind into the national grid. Given their flexibility and long-duration storage capabilities, PSPs are vital for managing intermittent renewable energy.

A comprehensive assessment of PSP potential across India is essential, with states urged to prioritize and identify feasible sites. Stakeholders were briefed on overcoming key barriers and adopting mitigation measures for successful PSP development. The workshop also explored innovative PSP technologies, including using abandoned mines and sea water-based systems, with states like Kerala, Maharashtra, Telangana, and Karnataka showing significant potential for these advancements.

# വിപ്ലവകരമായ ഗവേഷണവും വികസനവും: I-STEM ന്റെ V-LABS ഇനിഷ്യേറ്റീവ്

ബംഗളൂരു ആസ്ഥാനമായി പ്രവർത്തിക്കുന്ന ഇന്ത്യൻ സയൻസ് ടെക്നോളജി ആന്റ് എഞ്ചിനീയറിംഗ് ഫെസിലിറ്റി മാപ്പിന്റെ (I-STEM) നേതൃത്വത്തിൽ ഇ.എം.സിയിൽ വച്ച് “OORJA: Empowering Uploads for Energy Equipment” എന്ന പേരിൽ ഏകദിന ശില്പശാല സംഘടിപ്പിച്ചു. ഇ.എം.സി ജോയിന്റ് ഡയറക്ടർ ശില്പശാല ഉദ്ഘാടനം ചെയ്തു. ഊർജ്ജസംരക്ഷണ വിഭാഗം മേധാവി ജോൺസൺ ഡാനിയൽ ആധ്യക്ഷം വഹിച്ചു. ഇ.എം.സി ഉദ്യോഗസ്ഥരും പ്രൊജക്റ്റ് എഞ്ചിനീയർമാരും ശില്പശാലയിൽ പങ്കാളികളായി.



I-STEM പ്രതിനിധികൾ ഇ.എം.സി. ഉദ്യോഗസ്ഥരോടൊപ്പം

കേന്ദ്ര സർക്കാരിന് കീഴിൽ പ്രവർത്തിക്കുന്ന പ്രിൻസിപ്പൽ സയന്റിഫിക് അഡ്വൈസറുടെ ഓഫീസ് വിഭാവനം ചെയ്യുതും ധനസഹായം നൽകുന്നതുമായ ഒരു കേന്ദ്രസർക്കാർ സംരംഭമാണ് I-STEM. ശാസ്ത്ര, എഞ്ചിനീയറിംഗ് ഗവേഷണങ്ങളിൽ വിപ്ലവകരമായ മാറ്റം കൊണ്ടുവരുന്നതിനായാണ് ഈ സംരംഭത്തിന് തുടക്കം കുറിച്ചത്. രാജ്യത്തെ ഗവേഷണ-വികസന പ്രവർത്തനങ്ങൾക്കുപയോഗിക്കുന്ന അത്യാധുനിക ഉപകരണങ്ങളെല്ലാം രജിസ്റ്റർ ചെയ്യുന്ന രാജ്യത്തെ ഔദ്യോഗിക വെബ് പോർട്ടലാണ് I-STEM-ന്റെ V-LABS. വിവിധ ലാബുകളിലെ ഉപകരണങ്ങൾ ഗവേഷകർക്കും പ്രൊഫഷണലുകൾക്കും കൂടുതൽ ഉപയോഗപ്രദമാക്കാൻ ഈ വൈബ്സൈറ്റ് സഹായിക്കുന്നു.

V-LABS-ന്റെ ഭാഗമായ ഊർജയുടെ ആറ് അംഗങ്ങളടങ്ങിയ സംഘമാണ് ശില്പശാല സംഘടിപ്പിക്കാനായി ഇ.എം.സിയിലെത്തിയത്. അത്യാധുനിക ഉപകരണങ്ങൾ പോർട്ടലിൽ രജിസ്റ്റർ ചെയ്യുന്നതിനുള്ള നടപടിക്രമങ്ങൾ മനസിലാക്കുന്നതിനുള്ള പ്രായോഗിക പരിശീലനം ശില്പശാലയുടെ ഭാഗമായി നടന്നു. ഇ.എം.സിയിലെ NABL അക്രഡിറ്റേഷനോടെ പ്രവർത്തിക്കുന്ന എനർജി മീറ്റർ കാലിബ്രേഷൻ ലാബിലെ ഉപകരണങ്ങളും എൽ.ഇ.ഡി ടെസ്റ്റിംഗ് ഉപകരണങ്ങളും എനർജി ഓഡിറ്റിംഗിന് ഉപയോഗിക്കുന്ന ഉപകരണങ്ങളും പോർട്ടലിൽ രജിസ്റ്റർ ചെയ്തു. ഇതോടെ ഇന്ത്യയിലാകെയുള്ള ഗവേഷകർക്കും സ്ഥാപനങ്ങൾക്കും നിശ്ചിത ഫീസ് നൽകിക്കൊണ്ട് ഇ.എം.സി ലാബ് സൗകര്യങ്ങൾ ഉപയോഗിക്കാൻ കഴിയും.

# റസിഡൻസ് അസോസിയേഷനുകളുമായി ചേർന്ന് ഊർജ്ജസംരക്ഷണ ക്യാമ്പയിൻ

തിരുവനന്തപുരം നഗരത്തിലെ റസിഡന്റ്സ് അസോസിയേഷനുകളുമായി ചേർന്ന് ഊർജ്ജസംരക്ഷണ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നതിനായുള്ള ആലോചനായോഗം 2024 ജൂൺ 22 ന് ഇ.എം.സിയിൽ സംഘടിപ്പിച്ചു. ഇ.എം.സി. ഡയറക്ടർ ഡോ. ആർ. ഹരികുമാർ യോഗം ഉദ്ഘാടനം ചെയ്തു. ഇ.എം.സി രജിസ്ട്രാർ സുഭാഷ് ബാബു ബി. വി., ഫെഡറേഷൻ ഓഫ് റസിഡന്റ്സ് അസോസിയേഷൻ തിരുവനന്തപുരം (ഫ്രാറ്റ്) മേഖലാ സെക്രട്ടറി ശരത്ചന്ദ്രൻ, ഉണർവ്വ് പ്രോഗ്രാം കോർഡിനേറ്റർ എം. കെ. മെഹബൂബ് എന്നിവർ സംസാരിച്ചു. യോഗത്തിൽ ഫ്രാറ്റിന്റെ ഭാരവാഹികളും പ്രതിനിധികളും പങ്കെടുത്തു.



തിരുവനന്തപുരം നഗരത്തിലെ മുഴുവൻ വീടുകളിലും ഇ.എം.സിയുടെ ഊർജ്ജസംരക്ഷണ സന്ദേശം എത്തിക്കുന്നതിന്റെ ഭാഗമായാണ് ഇത്തരമൊരു ക്യാമ്പയിന് തുടക്കമിട്ടത്. നഗര ജീവിതത്തിന്റെ അവിഭാജ്യഘടകമാണ് ഊർജ്ജം. ഊർജ്ജവിനിയോഗം കൂടുതലുള്ള നഗരകേന്ദ്രങ്ങളിലെ ജനങ്ങളെ ഈ രംഗത്ത് അവബോധമുള്ളവരാക്കി മാറ്റാനാണ് ഇ.എം.സി ലക്ഷ്യം വക്കുന്നത്. തിരുവനന്തപുരം നഗരത്തിലെ റസിഡന്റ്സ് അസോസിയേഷനുകൾ കേന്ദ്രീകരിച്ച് വിപുലമായ ഊർജ്ജസംരക്ഷണ പരിപാടികൾ സംഘടിപ്പിക്കാൻ ഇ.എം.സി ലക്ഷ്യമിടുന്നു.

# SET@26°C ക്യാമ്പയിൻ സമാപിച്ചു

ഇൻഫർമേഷൻ & പബ്ലിക്ക് റിലേഷൻസ് വകുപ്പും എനർജി മാനേജ്മെന്റ് സെന്ററും സംയുക്തമായി സംഘടിപ്പിച്ച 'സെറ്റ്@26°C' ക്യാമ്പയിൻ സമാപിച്ചു. സംസ്ഥാനത്ത് കടുത്ത വേനലിൽ വൈദ്യുതി ഉപഭോഗം റെക്കോർഡിലെത്തിയ സാഹചര്യത്തിലാണ് സെറ്റ്@26°C എന്ന പേരിൽ സോഷ്യൽ മീഡിയ ക്യാമ്പയിൻ ആരംഭിച്ചത്. എയർകണ്ടീഷണറുകളുടെ താപനില 26°C ആയി സജ്ജീകരിക്കുന്നതിന് പ്രത്യേക ഊന്നൽ നൽകുന്നതായിരുന്നു ക്യാമ്പയിൻ.

അനുബന്ധമായി വേനൽക്കാലത്തെ ഉയർന്ന ചൂടിൽ നിന്ന് ശരീരത്തെ തണുപ്പിക്കുന്നതിനായി വെളുത്ത വസ്ത്രങ്ങൾ ധരിക്കുന്നത് പ്രോത്സാഹിപ്പിക്കുന്നതിനായി "Wear white cotton clothes", മേൽക്കൂരകളിൽ കൂൾ റൂഫിംഗ് സാങ്കേതിക വിദ്യ ഉപയോഗപ്പെടുത്തി കെട്ടിടങ്ങളുടെ ഉൾവശം കുളിർമയുള്ളതാക്കി മാറ്റുന്നതിനായി "Cool Roofing Technology", ഊർജ്ജസംരക്ഷണത്തിനും താപനിയന്ത്രണ പ്രവർത്തനങ്ങൾക്കും വേണ്ടി "Energy Management" എന്നിങ്ങനെ പ്രധാനമായും നാല് മേഖലകളിൽ ജനങ്ങളെ ബോധവാന്മാരാക്കുന്നതിലാണ് ക്യാമ്പയിൻ ശ്രദ്ധ കേന്ദ്രീകരിച്ചിരുന്നത്.

വിവിധ സോഷ്യൽമീഡിയ പ്ലാറ്റ്ഫോമുകളിൽ ഉടനീളം വ്യാപകമായി പ്രചരിപ്പിക്കുന്നതിനുള്ള സന്ദേശങ്ങൾ പോസ്റ്ററുകളാക്കി എനർജി മാനേജ്മെന്റ് സെന്റർ തയാറാക്കുകയും ക്യാമ്പയിൻ ഉള്ളടക്കങ്ങൾ ഇൻഫർമേഷൻ & പബ്ലിക്ക് റിലേഷൻസ് വകുപ്പിന്റെ സംസ്ഥാന, ജില്ല ഓഫീസ് നിയന്ത്രണത്തിലുള്ള സോഷ്യൽമീഡിയ പ്ലാറ്റ്ഫോമുകളിലും എനർജി മാനേജ്മെന്റ് സെന്ററിന്റെ സോഷ്യൽമീഡിയ പ്ലാറ്റ്ഫോമുകളിലും പ്രചരിപ്പിക്കുകയും ചെയ്തു.

# ദേശീയ യോഗ ദിനാചരണം



ദേശീയ യോഗാദിനത്തോടനുബന്ധിച്ച് ജൂൺ 21-ന് ഇ.എം.സിയിൽ ബോധവൽക്കരണ പരിപാടി സംഘടിപ്പിച്ചു. യോഗാചാര്യനായ ഫാ. ഡോ. ജേക്കബ് ജോൺ പരിപാടിയിൽ യോഗയുടെ പ്രാധാന്യത്തെക്കുറിച്ച് വിവരിച്ചു. ചിട്ടയില്ലാത്ത ജീവിതശൈലി മൂലമുള്ള പ്രതിസന്ധികൾ തരണം ചെയ്യുന്നതിന് യോഗ എങ്ങനെ സഹായകമാകുമെന്നും ഫാ. ഡോ. ജേക്കബ് ജോൺ വിശദീകരിച്ചു.

ഇ.എം.സി. സ്റ്റാഫ് വെൽഫെയർ കമ്മിറ്റി ചെയർമാനും രജിസ്ട്രാറുമായ സുഭാഷ് ബാബു ബി. വി. പരിപാടിയുടെ പ്രാധാന്യത്തെപ്പറ്റി സംസാരിച്ചു. സ്റ്റാഫ് വെൽഫയർ കമ്മിറ്റി കൺവീനർ സിന്ധു എസ്. കുമാർ സ്വാഗതം പറഞ്ഞു. പരിപാടിയിൽ ഇ.എം.സിയിലെ ജീവനക്കാർ പങ്കാളികളായി.

"ഭരണഭാഷ മാതൃഭാഷ"

ഔദ്യോഗിക ഭാഷാ പ്രോത്സാഹനത്തിന്റെ ഭാഗമായി ഊർജ്ജസംരക്ഷണം വിഷയമാക്കി മലയാളഭാഷയിൽ എനർജി മാനേജ്മെന്റ് സെന്റർ പ്രസിദ്ധീകരിച്ച

## രണ്ട് പുസ്തകങ്ങൾ



**"നിയന്ത്രണം വിരൽത്തുമ്പിൽ"**
- വി. വി. ഗോവിന്ദൻ

വില: **200/-**



**"ഊർജായനം"**
- ഡോ. സി. ജയരാമൻ

വില: **140/-**

പുസ്തകങ്ങൾ വാങ്ങാൻ താൽപര്യമുള്ളവർ
emcmalayalambooks@gmail.com
എന്ന മെയിലിൽ ബന്ധപ്പെടുക

## ഊർജ്ജസംരക്ഷണത്തിൽ പങ്കാളികളാകൂ... സമ്മാനങ്ങൾ നേടൂ...

### ഊർജ്ജ സെൽഫി

ഊർജ്ജസംരക്ഷണം മുൻനിർത്തി വീടുകളിലോ സ്ഥാപനങ്ങളിലോ നടപ്പാക്കിയിട്ടുള്ള ഊർജ്ജസംരക്ഷണ പ്രവർത്തനങ്ങളുടെ പശ്ചാത്തലത്തിലുള്ള സെൽഫിയും ചെയ്ത പ്രവർത്തനത്തെ കുറിച്ചുള്ള ഒരടിക്കുറിപ്പും 2024 ആഗസ്റ്റ് 10 ന് മുമ്പായി
emck@keralaenergy.gov.in
എന്ന മെയിലിലേക്ക് അയയ്ക്കൂ.



## ആകർഷകമായ സമ്മാനങ്ങൾ നേടൂ

*തിരഞ്ഞെടുക്കപ്പെടുന്ന പെയിന്റിംഗുകൾക്ക് ആകർഷകമായ സമ്മാനങ്ങൾ നൽകുന്നതാണ്

ഊർജ്ജപത്രികയെ കുറിച്ചുള്ള നിങ്ങളുടെ അഭിപ്രായങ്ങൾ ഞങ്ങളെ അറിയിക്കാനായി QR കോഡ് സ്കാൻ ചെയ്യൂ. അല്ലെങ്കിൽ emck@keralaenergy.gov.in എന്ന മെയിൽ ID-യിലേക്ക് ഇമെയിൽ അയയ്ക്കൂ.

Design & Layout: Prajeesh A.



Published by **Dr. R. Harikumar**, Director, EMC

Editorial board
Dr. R. Harikumar (Chief Editor)
Er. Dinesh Kumar A. N. (Editor)
Er. Tomson Sebastian (Member)
Er. Anoop Surendran (Member)
Ms. Kumari Sheela (Circulation)

**Energy Management Centre – Kerala**
Department of Power, Government of Kerala
Sreekrishna Nagar, Sreekariyam. P.O
Thiruvananthapuram – 695017
Tel: +91-471-2594922, 2594924
www.keralaenergy.gov.in
Toll Free No. 1800 425 5256